# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5926 28.10.2011 -ൽ മറുപടി നല്കേണ്ടിയിരുന്നത്**

## വെടിവയ്പിനെതിരെ ജുഡീഷ്യൽ അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ എളമരം കരീം :<br>ശ്രീ ജെയിംസ് മാത്യു :<br>ശ്രീ റ്റി. വി. രാജേഷ് : | | ശ്രീ ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിന് മുന്നിൽ ഉപരോധ സമരം നടത്തിയ വിദ്യാർത്ഥികൾക്ക നേരെ വെടിവയ്പ് നടത്തിയ സംഭവം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകുമോ ; ഇത് സംബന്ധിച്ച് ഇതിനകം ഏതെല്ലാം അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട് ; അവ അംഗീകരിച്ചിട്ടുണ്ടോ ; | (എ) | പ്രസ്തുത സംഭവം സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കാര്യം പരിഗണനയിലില്ല. |
| ബി) | വിദ്യാർത്ഥികൾക്ക നേരെ മുന്നറിയിപ്പില്ലാതെ വെടിവയ്പ് നടത്തിയ പോലീസ് ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഈ ഉദ്യോഗസ്ഥനെതിരെ ഏതെല്ലാം കുറ്റങ്ങൾക്ക് ഏതെല്ലാം കേസ്സുകൾ നേരത്തെ ഉണ്ടായിരുന്നു ; | (ബി) | പ്രസ്തുത പോലീസ് ഉദ്യോഗസ്ഥനെ 21.10.2011 തീയതിയിലെ ജി. ഒ. (ആർ.റ്റി) നം. 5153/2011/ആഭ്യന്തരം പ്രകാരം മലപ്പുറം ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി. യായി സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥനെതിരെ പോലീസിൽ കേസ്സുക ളൊന്നും ഉണ്ടായിരുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | കോഴിക്കോട്ടെ ഉപരോധ സമരത്തിനെതിരെ നടന്ന വെടിവെയ്പ്, ലാത്തിച്ചാർജ്, ടിയർ ഗ്യാസ് പ്രയോഗം, മർദ്ദനം എന്നിവയിൽ എത്ര വിദ്യാർത്ഥികൾക്ക് പരിക്ക് പറ്റുകയുണ്ടായി ; | (സി) | ഉപരോധ സമരം അക്രമാസക്തമായതുമായി ബന്ധപ്പെട്ട് 11 വിദ്യാർത്ഥികൾക്ക് പരിക്ക് പറ്റുകയുണ്ടായി. |
| (ഡി) | വിദ്യാർത്ഥികൾക്ക് എതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് പോലീസ് കേസ്സെടുത്തിട്ടുള്ളത് ? | (ഡി) | ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 143, 147,148,188, 332, 333, 307,506 (ii) എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ